"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - ഓഫീസ് കെട്ടിടം വാടക കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്തി മാറണമെന്ന വ്യവസ്ഥയിന്മേൽ 84,045/-രൂപ നിരക്കിൽ 01.10.2025 മുതൽ 31.09.2026 വരെ കരാർ പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.119/2025/ENVT തീയതി,തിരുവനന്തപുരം, 25-11-2025

---

പരാമർശം:- 1. 01.09.2025 തീയതികളിലെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ A1/2179/2020/KSBB നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഓഫീസ്, സർക്കാർ നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ, 01.04.2019 മുതൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ തിരുവനന്തപുരം, കവടിയാർ ഉള്ള വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. 2017 മുതൽ ബോർഡിന് സ്വന്തമായി പുതിയ കെട്ടിടം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുന്നുവെങ്കിലും സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള കെട്ടിടം ഇതുവരെയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള കരാർ വ്യവസ്ഥയിൽ 01.10.2025 മുതൽ 31.09.2026 വരെയുള്ള വാടക കരാർ പുതുക്കേണ്ടതുള്ളതിനാൽ പുതിയ കെട്ടിടം കണ്ടെത്തുന്നതു വരെയോ സർക്കാർ ഏതെങ്കിലും കെട്ടിടം അനുവദിക്കുന്നതു വരെയോ നിലവിൽ നൽകി വരുന്ന വാടക നിരക്കായ 84,045/-രൂപ(TDS ഉൾപ്പെടെ) വാടക നൽകി ഓഫീസ് പ്രവർത്തിക്കുന്നതിന് അനുമതി തരണമെന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്തി മാറണമെന്ന വ്യവസ്ഥയിന്മേൽ 84,045/-രൂപ നിരക്കിൽ 01.10.2025 മുതൽ 31.09.2026 വരെ കരാർ പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.റ്റി.സന്തോഷ് കുമാർ
അഡിഷണൽ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള.

3. ധന വകുപ്പ് (2287396/PU-C2/197/2022-Fin dated 03.10.2025)
4. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/193/2025-ENVT).

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 26-11-2025 12:09:10

സെക്ഷൻ ഓഫീസർ